**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1299** **01-02-2024 - ൽ മറുപടിയ്ക്ക്**

**ഇരുമ്പോത്തിങ്ങൽ പാലം നിർമ്മിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2018-ലെ പ്രളയത്തെ തുടർന്ന് ഗതാഗത യോഗ്യമല്ലാതായ ഇരുമ്പോത്തിങ്ങൽ പാലം പൊളിച്ച് മാറ്റി പുതിയ പാലം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പുതലത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ; ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ ശിപാർശ പൊതുമരാമത്ത് വകുപ്പിൽ ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഇരുമ്പോത്തിങ്ങൽ പാലം പുതിയ അലൈൻമെന്റിലൂടെ പുനർനിർമ്മിക്കുന്നതിന് 762 ലക്ഷം രൂപയുടെ പ്രവൃത്തി നിർദ്ദേശം പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നു. തുടർന്ന് ചീഫ് ടെക്നിക്കൽ എക്സാമിനർ 01/11/2023 തീയതിയിൽ പ്രസ്തുത സൈറ്റ് സന്ദർശിച്ച് പരിശോധന നടത്തുകയും ഇരുമ്പോത്തിങ്ങൽ "Submersible Bridge" ആയി നിർമ്മിക്കുന്നതിന് ഡിസൈനിൽ വ്യത്യാസം വരുത്താൻ നിർദ്ദേശിക്കുകയും ചെയ്തു. പുതുക്കിയ Tentative General Design drawing തയ്യാറാക്കുകയും അത് പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സ്വീകരിച്ചുവരുന്നു. |
| (ബി) | പുതിയ പാലം നിർമ്മിക്കുന്നതിനുള്ള ഡി.പി.ആറിന് ഭരണാനുമതി നൽകുന്നതിന്റെ ഭാഗമായി ചീഫ് ടെക്നിക്കൽ എക്സാമിനർ നൽകിയ നിർദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത നിർദേശങ്ങൾക്ക് അനുസരിച്ച് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |
| (സി) | തീരദേശ പഞ്ചായത്തായ വള്ളിക്കുന്നിലെ കാര്യാട്, കൊടക്കാട്, ആലിൻചുവട്, മണ്ണട്ടാംപാറ, കൂട്ടുമൂച്ചി, കരുമരക്കാട്, മാതാപുഴ ഭാഗങ്ങളിൽ നിന്ന് പഞ്ചായത്തിന്റെ ഹെഡ്ക്വാർട്ടേഴ്സിലേയ്ക്കും ഹയർസെക്കണ്ടറി സ്കൂളുകളിലേക്കും എത്താൻ ഏക ആശ്രയമായ പ്രസ്തുത പാലം നവീകരിക്കുന്നതിനും പുതിയ പാലം നിർമ്മിക്കുന്നതിനും ഉള്ള നടപടികൾ ത്വരിതപ്പെടുത്തുമോ? | (സി) | നിലവിലെ പാലം Redecking നടത്തി ഗതാഗത യോഗ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റിന് 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും, പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്. |

സെക്ഷൻ ഓഫീസർ